# ഒഴുകിപ്പോയ വെള്ളം പോലെ കഷ്ടതകളെ ഓർക്കുക

## ഇയ്യോബ് 11:16

"അതേ, നീ കഷ്ടത മറക്കും; ഒഴുകിപ്പോയ വെള്ളം പോലെ അതിനെ ഓർക്കും."

ഇവിടെ കഷ്ടതയുടെ പാരമ്യത്തിലിരിക്കുന്ന ഇയ്യോബിന്റെ ജീവിതം വിവരിക്കുന്ന പുസ്തകത്തിൽ കാണുന്ന വചനഭാഗമാണ് നാം മേൽ വായിച്ചു കണ്ടത്. നാമും ജീവിതത്തിലേക്കൊന്നു തിരിഞ്ഞു നോക്കുക, നമ്മുടെ ഓർമ്മയിലേക്കു വരുന്ന കാര്യങ്ങൾ എന്തൊക്കെ ആയിരിക്കും. ബാല്യ കാലത്തും, കൗമാരത്തിലും, യൗവ്വനത്തിലും ഒക്കെയായി, ഓർമ്മയിൽ നിന്നു മായാതെ കിടക്കുന്ന പല തരത്തിലുള്ള അനുഭവങ്ങൾ. ചിലത് സന്തോഷത്തിന്റെ പാൽനിലാവു പോലെ സുന്ദരമായിരിക്കാം, എന്നാൽ ചിലത് കണ്ണുനീരിന്റെ ഉപ്പു കലർന്ന നൊമ്പരങ്ങളായിരിക്കാം. ആദ്യത്തേത് വീണ്ടും വീണ്ടും നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരാൻ ഇഷ്ടപ്പെടുന്നതും, രണ്ടാമത്തേത് എന്നെന്നേക്കുമായി മറക്കാനാഗ്രഹിക്കുന്നവയുമാകാം. എന്നാൽ കഠിനവും കയ്പ്പേറിയതുമായ അനുഭവങ്ങൾ നമ്മുടെ മനസ്സിൽ നിന്നു മായാൻ വളരെ ബുദ്ധിമുട്ടാണ്. പക്ഷെ അതിനെ ഒഴുകിപ്പോയ വെള്ളം എന്നതുപോലെ മാത്രം ഓർക്കുന്ന നിലയിലേക്കെത്തിക്കാൻ ദൈവത്തിന്നു കഴിയും.

കഷ്ടതയെ മറക്കുന്നത് പൂർണ്ണമായും സാധ്യമല്ല എങ്കിലും അതു നിമിത്തം ഉണ്ടായിട്ടുള്ള ദോഷഫലങ്ങളെ ഇല്ലാതാക്കുന്നതിലൂടെയും, സന്തോഷാനുഭവങ്ങൾ നൽകുന്നതിലൂടെയും, നമ്മെ അനുഗ്രഹിക്കുന്നതിലൂടെയും ദൈവത്തിന് അതിനെ ഗുണമാക്കിത്തീർക്കാൻ കഴിയും. അൽപം പുറകിലേക്കു തിരിഞ്ഞു വായിച്ചാൽ ഇതു ആരംഭിക്കുന്നത് നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നതിലൂടെയാണെന്ന് മനസ്സിലാക്കാം. പല കഷ്ടങ്ങൾക്കും കാരണമാകുന്നത് നമ്മുടെ പാപങ്ങളാണ് എന്നുള്ളത് നാം തിരിച്ചറിയേണ്ട വലിയൊരു വസ്തുതയാണ്. പാപം നമുക്ക് ആദ്യം മധുരമായി തോന്നുമെങ്കിലും ചെയ്തു കഴിയുമ്പോൾ അത് നമ്മിൽ വിഷം ആയി അനുഭവപ്പെടുന്ന അനുഭവത്തിലേക്ക് നമ്മെ നയിക്കും.

ആ വിഷത്തെ നീക്കി വീണ്ടെടുക്കാൻ ദൈവത്തിന്നു മാത്രമേ കഴിയുകയുള്ളൂ. ഇന്നു നാം അനുഭവിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം എന്നു പറയുന്നത് തന്നെ ദൈവം നമ്മോടു പാപങ്ങളെ ക്ഷമിച്ചു എന്നുള്ളതാണ്. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഏറ്റവും വലിയ ഓർമ്മയായി നിലകൊള്ളേണ്ടത് താൻ പാപക്ഷമ പ്രാപിച്ച അനുഭവവും ദിവസവും ആയിരിക്കണം. മറ്റെല്ലാം മറന്നാലും അത് നാം ഒരിക്കലും മറക്കരുത്. അതോടൊപ്പം

നമ്മോട് പാപങ്ങളെ ക്ഷമിച്ച് നമ്മുടെ കഷ്ടതയെ ഒഴുകിപ്പോയ വെള്ളത്തിന് സമമായ ഓർമ്മയാക്കിയ ദൈവത്തെയും നാം ഒരു മാത്ര പോലും മറക്കരുത്. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

1 യോഹന്നാൻ 1:9

നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 149